# ജീവനുള്ള ദൈവത്തെ സാക്ഷിക്കുക

**2 രാജാക്കന്മാർ 5:2**

**"അരാമ്യർ കവർച്ചപ്പടയായി വന്നിരുന്നപ്പോൾ യിസ്രായേൽദേശത്തുനിന്നു ഒരു ചെറിയ പെൺകുട്ടിയെ പിടിച്ചുകൊണ്ടുപോയിരുന്നു. അവൾ നയമാന്റെ ഭാര്യയ്ക്കു ശുശ്രൂഷ ചെയ്തുവന്നു."**

നയമാൻ എന്ന പേരിൽ ഇവിടെ കണ്ടതായ വ്യക്തിയെ നമുക്കേവർക്കും അറിയാം. ഒരു കുഷ്ഠരോഗിയായിരുന്ന അവന്റെ രോഗസൗഖ്യത്തിന് പിൻപിൽ അതിലും വലുതായ ദൈവീക പദ്ധതികൾ ഉണ്ടായിരുന്നു എന്ന് വായിച്ച വേദഭാഗത്തുനിന്നു കാണാം, അരാം രാജാവിന്റെ സേനാപതിയായ നയമാന്റെ ഭാര്യയുടെ ദാസി, അരാമ്യർ യിസ്രായേലിൽ നിന്നും പിടിച്ചുകൊണ്ടുവന്നിരുന്ന ഒരു പെൺകുട്ടിയായിരുന്നു. യിസ്രായേല്യയായ അവളുടെ ശുശ്രൂഷ ലോക പ്രകാരം ഏറ്റം ചെറുതായിരുന്നു. വെറും ഒരു ദാസ്യവേല. തന്റെ ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ട്, ഏകാകിയായ അവളുടെ ജീവിതം എത്ര ദുഃസഹമായിരിക്കും എന്ന് നമുക്ക് ചിന്തിക്കാവുന്നതേയുള്ളൂ. അരാമ്യരായ, ജാതീയ ജന തയുടെ നടുവിൽ പാർപ്പാൻ അവൾ നിർബന്ധിതയായെങ്കിലും, താൻ ആരായിരുന്നു എന്ന ഉറച്ച ബോധ്യം ഈ പെൺകുട്ടിക്ക് ഉണ്ടായിരുന്നു. നയമാന്റെ സൗഖ്യവും തുടർന്നുള്ള അവന്റെ മാനസാന്തരവും ഒക്കെ ഇത് നമ്മെ ബോധ്യപ്പെടുത്തുന്നു. താൻ സേവിച്ചുവന്ന ദൈവത്തിന്റെ പരമാധികാരശക്തിയും, സാന്നിദ്ധ്യവും, പെൺകുട്ടിയുടെ ജീവിതത്തിന്റെ അമൂല്യസമ്പത്തായിരുന്നു. അതുകൊണ്ട് ദാസ്യവേല, തീച്ചൂളയുടെ അനുഭവം ആയാലും, അതിന്റെ നടുവിലും ദൈവവെളിച്ചം പ്രദർശിപ്പിക്കാൻ സാധു ബാലയ്ക്ക് കഴിഞ്ഞു. അവളൊരു ദൈവപൈതലായിരുന്നു. അതുകൊണ്ടാണ് തന്റെ യജമാനന്റെ രോഗാവസ്ഥയെക്കുറിച്ച് ഒരു ഹൃദയഭാരം അവൾക്കുണ്ടായത്. പരാക്രമ ശാലിയായിരുന്ന തന്റെ യജമാനൻ തനിക്ക് ചെയ്തത് ദോഷമെങ്കിലും അവന്റെ നന്മയും വിടുതലും ആഗ്രഹിച്ചുകൊണ്ട്, അവന്റെ ജീവിത പ്രശ്നങ്ങളുടെ മേലുള്ള പുതുവഴി തുറന്നു കാണിച്ചു കൊടുത്തു. ഈ പെൺകുട്ടിയുടെ നിർദ്ദേശപ്രകാരം മാത്രമായിരുന്നു, നയമാൻ ശമര്യയിലെ ഏലീശായുടെ അടുക്കൽ ചെല്ലുന്നതും, തുടർന്നുണ്ടായ രോഗത്തിന്റെ വിടുതലും എല്ലാം. രോഗസൗഖ്യം എന്നതു മാത്രമല്ല തന്റെ യജമാനന് ജീവനുള്ള ദൈവത്തെ അറിയുവാനും പിൻപറ്റുവാനും ഈ സംഭവം ഇടയാക്കി എന്നതാണ് അത്ഭുത സാക്ഷ്യം. 2 രാജാ. 5:17 കാണുന്നു "യഹോവയ്ക്ക് അല്ലാതെ അന്യദൈവങ്ങൾക്കു ഹോമയാഗവും ഹനനയാഗവും കഴിക്കയില്ല." എത്ര മഹത്തായ

സാക്ഷ്യം ആകുന്നു നാം കണ്ടത്. നമ്മെ ഓരോരുത്തരെയും ആക്കിയിരിക്കുന്ന തലങ്ങളിലുള്ള ദൈവിക പദ്ധതിയും ഇതു തന്നെ ആകുന്നു.

അതേ പ്രിയരേ, ജീവിതത്തിന്റെ ഏതവസ്ഥയിലൂടെ കടന്നുപോയാലും താൻ രുചിച്ചറിഞ്ഞ ജീവനുള്ള ദൈവത്തെ സാക്ഷിക്കുക എന്ന മഹത്തായ സന്ദേശം ഈ പെൺകുട്ടി നമുക്ക് തരുന്നു. തന്റെ യജമാനത്തിയോട് ദൈവപുരുഷനെപ്പറ്റി പറയാനുള്ള ധൈര്യവും ശക്തിയും അവൾക്ക് എവിടെനിന്ന് കിട്ടി എന്നാണ് നാം ചിന്തിക്കേണ്ടത്. പലപ്പോഴും ഒരു ദൈവപൈതലായിരുന്നിട്ടും വിവിധങ്ങളായ സാഹചര്യങ്ങളുടെ നടുവിൽ കർത്താവിനെ സാക്ഷിക്കുവാനും വെളിച്ചം പകരുവാനും കഴിയാതെ നിൽക്കുന്ന ജീവിതഭാരങ്ങളെ അവന്റെ കൈയ്യിൽ ഏല്പിക്കാം. അനുകൂല സാഹചര്യങ്ങളുടെ മദ്ധ്യേ ഒരു പക്ഷേ ഇത് സാധിച്ചെന്നു വരാം. അതും കഴിയാത്ത അനുഭവങ്ങൾ പലപ്പോഴും ഇല്ലേ. എന്നാൽ കയ്പേറിയ ജീവിതാനുഭവങ്ങളുടെ നടുവിലും നമ്മെ ദ്രോഹിക്കുന്നവരേപ്പോലും ജീവിക്കുന്ന സത്യദൈവത്തെ കാണിക്കുന്നവരായി തീരുവാൻ ഇടയാകട്ടെ. അന്യ ദൈവങ്ങളെ ആരാധിക്കുന്നവർക്ക് ജീവനുള്ള ദൈവത്തിന്റെ ശക്തി വെളിപ്പെടുത്തുവാനും, അവരെകൂടി ദൈവനാമ മഹത്വത്തിനായി ഒരുക്കുവാനും ദൈവ കൃപയ്ക്കായി യാചിക്കാം.

പരാമർശം :

**ഫിലിപ്പിയർ 1:21**

എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 046**